بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 09.07.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**
**യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## ഹദ്റത്ത് ഉമർ(റ) ഭാഗം 9

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചാണ് വിവരിച്ചു വരുന്നത്. അദ്ദേഹം ഖളാ വകുപ്പ് വ്യവസ്ഥാപിതമായ നിലയിൽ സ്ഥാപിക്കുകയുണ്ടായി. അതുപോലെ എല്ലാ ജില്ലകളിലും കോടതികൾ സ്ഥാപിക്കുകയും ഖാളിമാരെ നിയമിക്കുകയും ചെയ്തു. കർമശാസ്ത്ര പണ്ഡിതന്മാരെ ആയിരുന്നു ഖാളിമാരായി തിരഞ്ഞെടുത്തിരുന്നത്. അവരെ അദ്ദേഹം ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും ചെയ്തിരുന്നു. അവർക്ക് വലിയ ശമ്പളവും നിശ്ചയിച്ചിരുന്നു. മറ്റുള്ളവരുടെ സ്വാധീനത്തിൽ അകപ്പെടാതിരിക്കാനായി ധനികരും ആദരണീയരുമായ വ്യക്തികളെയായിരുന്നു ഖാളിമാരായി നിയമിച്ചിരുന്നത്. ഹദ്റത്ത് ഉമർ സമത്വവും നീതിയും വളരെയധികം മുറുകെ പിടിച്ചിരുന്നു. ഏതുവരെ എന്നാൽ ഹദ്റത്ത് ഉബൈ ബിൻ കഅബും അദ്ദേഹവും തമ്മിൽ ഒരു പ്രശ്നം ഉണ്ടായി. ആ കേസ് ഹദ്റത്ത് സയ്ദ് ബിന് സാബിത്തിന്റെ കോടതിയിലെത്തി. ഇരു കക്ഷികളെയും കോടതിയിലേക്ക് വിളിപ്പിച്ചു. ഹദ്റത്ത് ഉമർ വന്നപ്പോൾ അദ്ദേഹത്തെ ബഹുമാനിക്കാൻ ആയി ഹദ്റത്ത് സയ്ദ് തന്റെ ഇരിപ്പിടം ഒഴിഞ്ഞു കൊടുത്തു. അപ്പോൾ അദ്ദേഹം ഇത് താങ്കളുടെ ഭാഗത്തു നിന്നുണ്ടായ ആദ്യത്തെ അനീതിയാണ് എന്നും പറഞ്ഞു കൊണ്ട് ഹദ്റത്ത് ഉബൈ ബിൻ കഅബിന്റെ അടുത്ത് ചെന്നിരുന്നു.

ഇക്കാര്യത്തിനായി ഹദ്റത്ത് ഉമർ, ഹദ്റത്ത് അലി. ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സെയ്ദ് ബിൻ സാബിത്ത്, ഹദ്റത്ത് അബൂഹുറൈറ ഹദ്റത്ത് അബുദർദാ (റിദ് വാനുല്ലാഹി അലൈഹിം അജ്മഈൻ) എന്നിവരെ നാമനിർദേശം ചെയ്യുകയും ഇവർക്കു പുറമേ ആർക്കും തന്നെ ഫത്‌വ നല്കാനുള്ള അനുമതിയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു, ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് ആണെന്ന് തോന്നുന്നു, ഒരു പ്രൗഢനായ സഹാബി ജനങ്ങൾക്ക് ഒരു ദീനി വിഷയം പറഞ്ഞു കൊടുത്തു. അതെ കുറിച്ച് ഹദ്റത്ത് ഉമറിന് അറിയാൻ ഇട വന്നപ്പോൾ അദ്ദേഹം ഉടൻ തന്നെ അക്കാര്യത്തെക്കുറിച്ച് ആ സ്വഹാബിയെ ചോദ്യം ചെയ്തു. അദ്ദേഹം ചോദിച്ചു, താങ്കൾ അമീർ ആണോ അതോ ഏതെങ്കിലും അമീർ ഫത്‌വ നല്കാനായി താങ്കളെ നിശ്ചയിച്ചതാണോ? കാര്യമെന്തെന്നാൽ എല്ലാ വ്യക്തികൾക്കും ഫത്‌വ നല്കാനുള്ള അർഹത ലഭിച്ചാൽ അതുമൂലം ഒരുപാട് പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്. ഒരുപാട് ഫത്‌വകൾ അങ്ങനെ മറ്റുള്ളവർക്ക് പരീക്ഷണത്തിന് ഹേതുവായി തീരുന്നതാണ്.

ഹദ്റത്ത് ഉമർ രാജ്യത്ത് ക്രമസമാധാനം നിലനിർത്താനും മാർക്കറ്റിന് മേൽനോട്ടം വഹിക്കാനും പോലീസ് ഡിപ്പാർട്ട്മെന്റ് സ്ഥാപിച്ചു. അതുപോലെ വ്യവസ്ഥാപിതമായ നിലയിൽ ജയിലറകളും പണിതു. ഹിജ്റ വർഷം 15 ബഹ്റൈനിൽ നിന്നും അഞ്ച് ലക്ഷം രൂപ വന്നപ്പോൾ ഹദ്റത്ത് ഉമർ സ്വഹാബാക്കളോട് കൂടിയാലോചിച്ച് ബൈത്തുൽമാൽ സംവിധാനത്തിന് തുടക്കം കുറിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർഖമിനായിരുന്നു ഖജനാവിന്റെ മേൽനോട്ട ചുമതല. ഹദ്റത്ത് ഉമർ പൊതുവേ കെട്ടിട നിർമാണത്തിൽ മിതവ്യയം ചെയ്യുന്ന വ്യക്തി ആയിരുന്നു. എന്നിട്ടും അദ്ദേഹം ബൈത്തുൽമാലിനു വേണ്ടി ഒരു പ്രൗഢഗംഭീരമായ കെട്ടിടം തന്നെ പണികഴിപ്പിക്കുകയും അതിന്റെ സുരക്ഷക്കായി പാറാവുകാരെ നിശ്ചയിക്കുകയും ചെയ്തു.

ഒരിക്കൽ അത്യുഷ്ണ കാലാവസ്ഥയിൽ ഹദ്റത്ത് ഉസ്മാൻ അദ്ദേഹം സ്വതന്ത്രനാക്കിയ അടിമയോടൊപ്പം നജദിന്റെ ഭാഗത്തുള്ള ആലിയ എന്ന താഴ്‌വരയിൽ ചെന്നു. അവിടെ ഒരു വ്യക്തി രണ്ട് യുവ ഒട്ടകങ്ങളെ തെളിച്ചുകൊണ്ട് വരുന്നതായി കണ്ടു. അപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു, ഈ വ്യക്തിക്ക് ഇതെന്തുപറ്റി? മദീനയിൽ തന്നെ നിന്ന് കാലാവസ്ഥ കുറച്ച് തണുത്തശേഷം പുറപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായേനെ. ആ വ്യക്തി അടുത്തെത്തിയപ്പോൾ അത് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉമർ ബിൻ ഖത്താബാണ് എന്ന് മനസ്സിലായി. ഹദ്റത്ത് ഉമർ പറയുകയുണ്ടായി, സ്വദഖയുടെ ഒട്ടകങ്ങളിൽ രണ്ടെണ്ണം മാത്രം പിറകിലായി. ഇവ നഷ്ടപ്പെട്ടു പോകുകയും ദൈവം എന്നോട് അതിനെക്കുറിച്ച് വിചാരണ ചെയ്യുകയും ചെയ്താലോ എന്ന് ഭയന്നതു കൊണ്ടാണ് ഞാൻ ഇവയെ വേഗം കൊണ്ടുപോകുന്നത്. അപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു അൽ ഖവിയ്യുൽ അമീൻ അഥവാ സുശക്തനും വിശ്വസ്തനുമായ വ്യക്തി

യെ കാണണമെങ്കിൽ ഇദ്ദേഹത്തെ നോക്കുക. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു,

ഉമർ ബിൻ നാഫി അബൂബക്കർ ഈസയിൽ നിന്നും നിവേദനം ചെയ്യുന്നു. പറയുന്നു, ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്താബ്, ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ, ഹദ്റത്ത് അലി ബിൻ അബീ താലിബ് എന്നിവരോടൊപ്പം ഒരിക്കൽ സ്വദഖ വിതരണം ചെയ്യുന്ന സമയത്ത് ഉണ്ടാ യിരുന്നു. ഹദ്റത്ത് ഉസ്മാൻ തണലിൽ മാറിയിരിക്കു കയായിരുന്നു. അദ്ദേഹത്തോടൊപ്പം ഹദ്റത്ത് അലി, ഹദ്റത്ത് ഉമർ പറയുന്ന കാര്യങ്ങൾ ആവർത്തിച്ച് പ റയാനായി നില്ക്കുന്നുണ്ടായിരുന്നു. കൊടും ചൂടിന്റെ നാളുകൾ ആയിരുന്നിട്ടും പെരും വെയിലിൽ ഹദ്റത്ത് ഉമർ നില്പായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് രണ്ട് കറുത്ത ശീലകൾ ആയിരുന്നു ഉണ്ടായിരുന്നത്. ഒന്ന് അദ്ദേഹം അരയിൽ ചുറ്റുകയും മറ്റൊന്ന് തലയിലിടു കയും ചെയ്തിരുന്നു. അദ്ദേഹം ഒട്ടകങ്ങളെ പരിശോ ധിക്കുകയായിരുന്നു. അവയുടെ നിറവും പ്രായവും എഴുതുകയായിരുന്നു. ഹദ്റത്ത് ഉസ്മാനോട് ഹദ്റത്ത് അലി പറഞ്ഞു, ദൈവഗ്രന്ഥത്തിൽ താങ്കൾ ഹദ്റത്ത് ശുഹൈബിന്റെ മകളുടെ ഈ വചനം കേട്ടിരുന്നുവോ? **ഇന്ന ഖയ്റ മനിസ്ത്തഅ്ജർത്തൽ ഖവിയ്യുൽ അമീൻ**, നിശ്ചയമായും ആരെ സേവകനായി വച്ചാലും അവ രിൽ ഏറ്റവും ഉത്തമൻ സുശക്തവും വിശ്വസ്തനുമാ യ ആളായിരിക്കും. എന്നിട്ട് ഹദ്റത്ത് അലി ഹദ്റത്ത് ഉമറിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. അൽ ഖവി യ്യുൽ അമീൻ ഇദ്ദേഹം തന്നെയാണ്.

മറ്റൊരു സംഭവം ഇപ്രകാരമാണ്, ഹദ്റത്ത് ഉമർ ബൈ ത്തുൽമാലിൽ നിന്നും ധനം വിതരണം ചെയ്യുകയായിരു ന്നു. അപ്പോൾ അദ്ദേഹത്തിന്റെ ഒരു മകൾ അവിടെ വന്നു. അവിടെയുള്ള ഒരു ദിർഹം വായിലിട്ടു. ഹദ്റത്ത് ഉമർ വായിൽ വിരലിട്ടു കൊണ്ട് അത് പുറത്തെടുത്തു. എന്നിട്ട് പറഞ്ഞു അല്ലയോ ജനങ്ങളെ ഉമറും കുടുംബത്തിനും അത് എത്ര അടുത്ത ബന്ധുക്കൾ ആയാലും ശരി സാധാ രണ മുസ്ലിങ്ങളുടെ അതേ അവകാശം മാത്രമേയുള്ളൂ. അതുപോലെ മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് അബു മൂസ ബൈത്തുൽ മാലിൽ അടിച്ചു വാരുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന് അവിടെ നിന്നും ഒരു ദിർഹം കിട്ടി. യാദൃശ്ചികമായി അതുവഴി ഹദ്റത്ത് ഉമറിന്റെ കുഞ്ഞു മകൻ വന്നു. അബു മൂസാ ആ കുട്ടിക്ക് ആ ദിർഹം നൽകി. ഹദ്റത്ത് ഉമർ കുട്ടിയോട് ഇത് എവി ടെ നിന്നാണ് കിട്ടിയത് എന്ന് ചോദിച്ചറിഞ്ഞു. എന്നിട്ട് അബു മൂസയുടെ അടുത്തുചെന്ന് ഇപ്രകാരം പറഞ്ഞു, അല്ലയോ അബു മൂസാ! താങ്കളുടെ വീക്ഷണത്തിൽ മദീനാവാസികളിൽ ഏറ്റവും തരംതാണ കുടുംബം ഹദ് റത്ത് ഉമറിന്റേതാണോ? ഈ ഒരു അതിക്രമത്തെക്കുറിച്ച് മുഹമ്മദിന്റെ(സ) ഉമ്മത്തിൽ ഒരാളു പോലും ഒഴിയാതെ ഞങ്ങളെ ചോദ്യം ചെയ്യണമെന്നാണോ താങ്കൾ ആഗ്രഹി ക്കുന്നത്?

ഹദ്റത്ത് ഉമർ പൊതു ജനക്ഷേമാർഥം ജനങ്ങൾക്ക് ജലം ലഭിക്കുന്നതിനുവേണ്ടി കനാലുകൾ തീർക്കുക യുണ്ടായി. ഹിജ്റ വർഷം 18 ന് കൊടും വരൾച്ച നേരിട്ടപ്പോൾ ഹദ്റത്ത് ഉമറിന്റെ നിർദേശ പ്രകാരം ഹദ്റത്ത് അംർ ബിനിൽ ആസ് ഫുസ്താത്തിൽ നി ന്നും ഖുൽസും കടൽ വരെ ഒരു കനാൽ പണിതു. അത് മുഖേന കപ്പലുകൾ മദീനയുടെ ജദ്ദ തുറമുഖം വരെ വരുമായിരുന്നു. അതുപോലെ ഹദ്റത്ത് ഉമർ പൊതുജനങ്ങളുടെ സൗകര്യാർഥംമസ്ജിദുകൾ, കോടതികൾ, കണ്ടോൺമെൻറുകൾ ബാരക്കുകൾ, റോഡുകൾ, പാലങ്ങൾ, അതിഥി മന്ദിരങ്ങൾ, ചെക്ക് പോസ്റ്റുകൾ തുടങ്ങിയവ നിർമ്മിച്ചു. ഗ്രേഡ് അനു സരിച്ച് പട്ടാളക്കാർക്ക് ശമ്പളം നിശ്ചയിച്ചു. പട്ടാ ളസംവിധാനം ക്രമീകരിക്കുന്നതിൽ അദ്ദേഹം ബദ്ധശ്ര ദ്ധനായിരുന്നു. അധിനിവേശപ്രദേശങ്ങളിൽ പട്ടാള ക്കാർ കൃഷിയോ കച്ചവടമോ തൊഴിലായി സ്വീകരി ക്കരുതെന്ന് അദ്ദേഹം താക്കീത് ചെയ്തിരുന്നു. ഇന്ന് മു സ്ലിം രാഷ്ട്രങ്ങളിൽ പട്ടാളക്കാർ കച്ചവടങ്ങളിൽ വ്യാപൃ തരാണ്. മാത്രവുമല്ല ഒരു രാജ്യത്തെ കുറിച്ച് പറയുന്ന ത് അവിടെ കമ്മീഷൻ ചെയ്തു കിട്ടിയ ഉടനെ ഓഫീ സർ നോക്കുന്നത് എവിടെയൊക്കെ പ്ലോട്ട് അലോട്ട് ആയി കിടക്കുന്നു എന്നാണ്. ഇത്തരത്തിൽ അവരുടെ പട്ടാളപരമായ കഴിവുകൾ കുറഞ്ഞു വരുന്നതാണ്. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഉഷ്ണ മേഖലകളിലോ ശൈത്യ മേഖലകളിലോ യുദ്ധ നീക്കം നടത്തുമ്പോൾ അവിടെയുള്ള കാലാവസ്ഥ പ രിഗണിച്ചിരുന്നു. പട്ടാളക്കാരെ കാഠിന്യ പ്രകൃതരാക്കു കയും യുദ്ധ സാമഗ്രികൾ നല്കുകയും ചെയ്തിരുന്നു

ഇസ്ലാമിക ഭരണകൂടത്തിന് കീഴിൽ അന്യസമു ദായങ്ങളിൽ ഉള്ളവർക്കും ഉന്നത ഔദ്യോഗിക പദവി കൾ നല്കിയിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, ഹദ്റത്ത് ഉമർ സൈനിക കാര്യങ്ങൾക്ക് എത്രത്തോളം വൈപുല്യം നല്കി എന്നാൽ അതിൽ നിന്നും അന്യസമുദായക്കാരെയോ അന്യരാജ്യക്കാ രെയോ പോലും മാറ്റി നിർത്തിയിരുന്നില്ല. വളണ്ടിയർ ഫോഴ്സിൽ അഗ്നിപൂജകരും ബിംബാരാധകരും ഉണ്ടായിരുന്നു. ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്തിൽ അന്യസമുദായക്കാരെ യുദ്ധ ഓഫീസറുമാരായി പോ ലും നിശ്ചയിച്ചിരുന്നെന്ന് ചരിത്രത്തിൽ നിന്നും തെളിയുന്നുണ്ട്. സാധനങ്ങൾക്ക് അന്യായമായി വില കുറയ്ക്കുന്നതിനെ ഹദ്റത്ത് ഉമർ ശക്തമായി വിലക്കിയിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ റയുന്നു, ഇസ്ലാം അന്യായമായ നിലയിൽ വില കൂ ട്ടുന്നതും, മറ്റുള്ളവർക്ക് നഷ്ടം വരുത്തും വിധം വില കുറയ്ക്കുന്നതും ഒരുപോലെ നിഷിദ്ധമാക്കിയിരന്നു.

ഹദ്റത്ത് ഉമർ വിദ്യാഭ്യാസ സംവിധാനത്തിനും വളരെയധികം അഭിവൃദ്ധി നല്കി. എല്ലാ രാജ്യങ്ങ ളിലും മദ്രസകൾ സ്ഥാപിച്ചു. ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയവ പഠിപ്പിക്കുന്നതിനുള്ള സൗക ര്യമൊരുക്കി. വിദ്യാഭ്യാസ ശിക്ഷണ കാര്യങ്ങൾക്കായി

മുതിർന്ന സഹാബാക്കളെ നിയമിച്ചിരുന്നു. അധ്യാപകർക്ക് വേതനവും നിശ്ചയിച്ചിരുന്നു. ഹിജ്റ കലണ്ടർ നിലവിൽ വന്നതും ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലാണ്. റസൂൽ കരീം(സ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു വന്ന മുതലാണ് അതിന്റെ വർഷാരംഭം. ഈ കലണ്ടറിന്റെ പ്രാരംഭത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ചിലർ ഹിജ്റ വർഷം പതിനാറിനാണ് ഇത് ആരംഭിച്ചത് എന്നു പറയുന്നു. ചിലരുടെ അഭിപ്രായത്തിൽ അത് ഹിജ്റ വർഷം പതിനേഴാണ്. മറ്റു ചിലർ ഹിജ്റ വർഷം പതിനെട്ടെന്നും ഒരു കൂട്ടർ ഇരുപത്തിയൊന്നെന്നും കണക്കാക്കുന്നു .

ഇസ്‌ലാമിക നാണയം നിലവിൽ വന്നതിനെക്കുറിച്ച് പൊതുവെ ചരിത്രകാരന്മാർ പറയുന്നത് അബ്ദുൽ മാലിക് ബ്നു മർവാൻ ആണ് അത് തുടങ്ങിയതെന്നാണ്. എന്നാൽ മദീനയിലെ ചില ചരിത്രകാരന്മാർ പറയുന്നത് ഇസ്‌ലാമിക നാണയം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലാണ് പ്രാബല്യത്തിൽ വന്നതെന്നാണ്. അൽഹംദുലില്ലാഹ്, മുഹമ്മദ് റസൂലുല്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു എന്നിങ്ങനെ പലതിലും മുദ്രണം ചെയ്യപ്പെട്ടിരുന്നു. ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവുമാദ്യം ഇസ്‌ലാമിക നാണയം ഡമാസ്കസിൽ ഹിജ്റ വർഷം 17-നാണ് പ്രാബല്യത്തിൽ വന്നത്.

ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ തുടക്കം കുറിച്ച സംരംഭങ്ങളെ ചരിത്രകാരന്മാർ **അവ്വലിയാത്തെ ഫാറൂഖി** എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാമ ശിബ്‌ലി നുഅ്മാനി തന്റെ ഗ്രന്ഥമായ അൽ ഫാറൂഖിൽ നാല്പതിൽ പരം ഇത്തരം സംരംഭങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. എന്നിട്ടദ്ദേഹം ഇതിലും കൂടുതൽ കാര്യങ്ങൾക്ക് ഹദ്റത്ത് ഉമർ തുടക്കം കുറിച്ചിട്ടുണ്ട്. എങ്കിൽ കൂടിയും വിഷയ ദൈർഘ്യം കാരണം ചുരുക്കുന്നു എന്നാണ് എഴുതിയിട്ടുള്ളത്.

ഹദ്റത്ത് ഉമറിനെ കുറിച്ചുള്ള വിവരണം തുടരുന്നതാണ് എന്ന് പറഞ്ഞുകൊണ്ട് ഹുസൂർ തിരുമനസ്സ് ആറ് മർഹൂമീങ്ങളെ കുറിച്ചുള്ള അനുസ്മരണം നടത്തുകയും അവരുടെ ജനാസ നമസ്കരിപ്പിക്കും എന്ന് അറിയിക്കുകയും ചെയ്തു.

സിസ്‌വോയോ സുർപിതോ ഹാദി സാഹിബ് ഓഫ് ഇന്തോനേഷ്യ, ചൗധരി ബശീർ അഹ്മദ് ഭട്ടി സാഹിബ്, ഹമീദുല്ലാഹ് ഖാദിം മുല്ഹി സാഹിബ് റബ്‌വ, മുഹമ്മദ് അലി ഖാൻ സാഹിബ് പിശാവർ, മഹ്ദി ലത്തീഫ് സാഹിബ് അമേരിക്ക, ഫയ്സാൻ അഹ്മദ് സമീർ സാഹിബ് എന്നിവരുടെ മഗ്ഫിറത്തിനും കാരുണ്യത്തിനും ആത്മീയമായ ഉന്നത പദവികൾക്കും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 09-07-2021
Malayalam Translation: **Amnas.P.K** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516